11/10/2025

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS    Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/10/2025

1. കേരളത്തിൽ ലോ കാർബൺ നെൽകൃഷി സമ്പ്രദായങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിതഗൃഹ വാതക ബഹിർഗമനം കുറഞ്ഞ നെൽകൃഷി സമ്പ്രദായങ്ങൾ എന്ന വിഷയത്തിൽ ത്രിദിന ശില്പശാല വെള്ളാനിക്കര കാർഷിക കോളേജിൽ നടന്നുവരുന്നു. അന്താരാഷ്ട്ര നെല്ല് ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവകലാശാല, ജലവിഭവ വികസന വിനിയോഗ കേന്ദ്രം, കൃഷി വകുപ്പ്, ജലസേചന വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ശില്പശാല സംഘടിപ്പിച്ചിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി മെച്ചപ്പെട്ട ജലപരിപാലന സാങ്കേതികവിദ്യ ഉപയോഗിച്ച് നെൽകൃഷിയിൽ ജല ഉപയോഗവും കാർബൺ ബഹിർഗമനവും കുറയ്ക്കുക എന്നതാണ് ശിൽപ്പശാലയുടെ ലക്ഷ്യം. കാലാവസ്ഥ മാറ്റത്തെ അതിജീവിക്കാനും ഹരിതഗൃഹവാതക ബഹിർഗമനം കുറയ്ക്കാനും വേണ്ടി ലോകബാങ്ക് സഹായത്തോടെ കൃഷി വകുപ്പ് ആവിഷ്കരിച്ച കേര പദ്ധതിയുടെ ഒരു ഉപഘടകം ആണ് ഈ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പദ്ധതി. ശില്പശാലയോട് അനുബന്ധിച്ച് ഇന്ന് (ഒക്ടോബർ 11 ന്) കൃഷി മന്ത്രിയുടെ നേതൃത്വത്തിൽ കൃഷിയിട സന്ദർശനങ്ങളും നടത്തുന്നു.

2. നെടുമങ്ങാട് ആനാട് കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഡിജിറ്റൽ ക്രോപ്പ് സർവേയുടെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ സർവേയർമാരെ തിരഞ്ഞെടുക്കുന്നു. പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളതും കമ്പ്യൂട്ടർ/സ്മാർട്ട് ഫോൺ എന്നിവ ഉപയോഗിക്കാൻ അറിയാവുന്ന, വീട്ടിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാൻ തയ്യാറുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. ഒരു കൃഷി ഭൂമിക്ക് 20 രൂപ വേതനം നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കൃഷി ഓഫീസുമായി **9383470151** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

3. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് 13.10.2025 മുതൽ 23.10.2025 വരെയുള്ള തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലുള്ളവർക്ക് **പാലുൽപ്പന്ന പരിശീലന പരിപാടി** നടത്തുന്നു. ക്ഷീരോൽപ്പന്ന നിർമ്മാണ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംരഭകത്വം ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്കും ക്ഷീരകർഷകർക്കും പരിശീലനം പ്രയോജനപ്പെടുത്താവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. ആധാർ കാർഡിൻറെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. വെള്ളായണി കാർഷിക കോളേജിലെ കൈറ്റിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 15 ബുധനാഴ്ച **ശാസ്ത്രീയ വാഴ കൃഷി** എന്ന വിഷയത്തിൽ നടത്തുന്ന ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

5. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറയിൽ നബാർഡ്, സ്റ്റാർസ്എന്നിവയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഹണി വാലി പ്രൊഡ്യൂസർ കമ്പനിയുടെ ആഭിമുഖ്യത്തിൽ **തേനീച്ച കൃഷിയുടെ** രണ്ടാം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഘട്ട പരിശീലന പരിപാടി ഇന്ന് (11.10.2025 ന്) രാവിലെ 10 മുതൽ നാല് വരെ ചക്കിട്ടപാറ മിൽമ ഓഡിറ്റോറിയത്തിൽ നടക്കും. ഫോൺ: 9744110936, 6282801552.

6. ക്ഷീര വികസന വകുപ്പിൻറെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 14 മുതൽ 16 വരെ ക്ഷീര സഹകരണ സംഘം സെക്രട്ടറി / ക്ലാർക്ക് മാർക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 ഒക്ടോബർ 13 –ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം: 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം.പി.ഒ., തിരുവനന്തപുരം 695004. Email ID: principaldtctvm@gmail.com

7. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **ഒക്ടോബർ** 13 ന് ലോക മുട്ടദിനത്തോടനുബന്ധിച്ച് വിവിധ രംഗത്തെ പ്രമുഖർപങ്കെടുക്കുന്ന **സംരഭകത്വസംഗമം** ഉണ്ടായിരിക്കു

മാധ്യമ വിഭാഗം, തിരുവനന്തപുരം

ff



ന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം